# ‘നമുക്കു ചുറ്റും അതിരിട്ട് സൂക്ഷിക്കുന്ന ദൈവം’

## യിരമ്യാവ് 05:22

‘‘ഞാൻ കടലിനു കവിഞ്ഞുകൂടാതവണ്ണം നിത്യപ്രമാണമായി മണൽ അതിരാക്കി വെച്ചിരിക്കുന്നു. തിരകൾ അലെച്ചാലും സാധിക്കയില്ല; എത്ര തന്നെ ഇരെച്ചാലും അതിർ കടക്കയില്ല.’’

കടലിനെ സൃഷ്ടിച്ച ദൈവം അതിന്റെ പ്രകൃതി അറിഞ്ഞുകൊണ്ട് അതിന് അതിരിട്ടിരിക്കുന്നു. തിരമാലകൾ ആ അതിര് കടക്കാതെവണ്ണം നിത്യപ്രമാണമായി കല്പിച്ചിരിക്കുന്നു. ഒരു ദൈവപൈതലിന്റെ ജീവിതത്തിലും കാറ്റും കോളുമാകുന്ന തിരമാലകൾ പ്രശ്നങ്ങൾ ആഞ്ഞടിക്കുമ്പോൾ അതിനൊക്കെയും ഒരു അതിര് സർവ്വശക്തനായ ദൈവം കല്പിച്ചാക്കിയിട്ടുണ്ട് എന്ന് ഈ വചനഭാഗത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ ഒർമ്മപ്പെടുത്തുകയാണ്.

ഇയ്യോബ് 5:19 ആറു കഷ്ടത്തിൽ നിന്നും അവൻ നിന്നെ വിടുവിക്കും, ഏഴാമത്തേതിലും തിന്മ നിന്നെ തൊടുകയില്ല. കർത്താവറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല. നമ്മുടെ സൃഷ്ടികർത്താവ്, ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ പേരു ചൊല്ലി വിളിച്ച ദൈവം നമ്മുടെ ഭാവിയെല്ലാം നന്നായറിയുന്നവനാണ്. എല്ലാറ്റിനും ഒരു സമയമുണ്ട് എന്ന് സഭാപ്രസംഗി 3–1 ൽ നാം വായിക്കുന്നുവല്ലോ.

ഇയോബിന്റെ കഷ്ടതകൾക്കെല്ലാം ഒരവധി നിശ്ചയിച്ച ദൈവം നാം കടന്നുപോകുന്ന ഏതു പ്രശ്നത്തിനും ഒരു അതിരിട്ടിട്ടുണ്ട് എന്ന സത്യം നാം മറന്നുപോകരുത്. പരീക്ഷ ദൈവം അനുവദിച്ചാൽ അതിനുള്ള പരിഹാരവും ചെയ്തേക്കാം. എന്നാൽ സന്തോഷത്തിലും സന്താപത്തിലും കർത്താവിനോടു പറ്റിച്ചേർന്ന് ദൈവസ്നേഹത്തിൻ കീഴിൽ വീണ്ടും താഴമയോടെ വസിക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ എന്ന് നാം സ്വയം പരിശോധിക്കേണ്ടിയിരിക്കുന്നു.

ഈ ലോകത്തിലുള്ള താല്കാലിക ആവശ്യങ്ങൾക്കുവേണ്ടി കർത്താവിനെ അനുഗമിക്കുവാനല്ല അവിടുന്നു നമ്മെ വിലകൊടുത്തു വാങ്ങിയിരിക്കുന്നത്. ഇന്നുകാണുന്നതെല്ലാം നഷ്ടമായിപ്പോയാലും ഒരു നിത്യത സ്വർഗ്ഗീയ പിതാവിനോടൊത്ത് നമുക്കായി നാഥൻ ഒരുക്കിവെച്ചിരിക്കുകയാണ്. അതു നഷ്ടപ്പെട്ടു പോകുവാൻ നമുക്ക് ഇടയാവരുത്.

അതുകൊണ്ട് ഇയ്യോബ് പറഞ്ഞതുപോലെ ദൈവത്തിൽ നിന്നും നന്മ കൈക്കൊള്ളുന്നുവെങ്കിൽ തിന്മയും കൈക്കൊള്ളുവാൻ നമുക്ക് കഴിയട്ടെ. കർത്താവിന്റെ സന്നിധിയിൽ

താഴ്മയോടെ ആയിരുന്ന മാർത്തയ്ക്ക് അവളുടെ സഹോദരനെ ജീവനോടെ ലഭിക്കുന്നതായി നാം കാണുന്നു. പ്രത്യേകിച്ച് സ്ത്രീകൾ സൗമ്യതയും സാവധാനതയുമുള്ള മനസ്സെന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ ആയിരിക്കേണം. അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നുവെന്ന് 1 പത്രൊസ് 3:4 ൽ പറയുന്നു.

ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു, താഴ്മയുള്ളവർക്ക് അധികം കൃപ നൽകുന്നു. (James 4:6). ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം**

**മത്തായി 11:29**

**"ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും."**

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 053**